2011
നവംബർ
Reg. No. 29542/76
Vol. 34. No: 11

# HIGHRANGE ECHO

ബ്രദറൺ ഗോസ്പൽ ടീമിന്റെ മുഖപത്രം

മുഖം


### അല്പകാര്യങ്ങളെ തുച്ഛീകരിക്കരുത്

അല്പകാര്യങ്ങളുടെ ദിവസത്തെ ആർ തുച്ഛീകരിക്കുന്നു. സർവ്വഭൂമിയിലും ഊടാടി ചെല്ലുന്ന യഹോവയുടെ ഈ ഏഴുകണ്ണു സെരുബാബേലിന്റെ കൈയിലുള്ള തൂക്കുകട്ട കണ്ടു സന്തോഷിക്കുന്നു – സെഖ. 4.10

ബാബിലോണിൽ നിന്നു മടങ്ങിവന്ന യഹൂദന്മാർ ബ്രഹത്തായ ദേവാലയത്തിന്റെ പണിയിൽ ഏർപ്പെട്ടു. ദേവാലയ പണി വിപുലമായിരുന്നതിനാൽ അതിന്റെ പണിയിൽ ചെറിയ കാര്യങ്ങൾ അവഗണിക്കരുത് സൂക്ഷ്മകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധവേണം – എന്നു സെഖര്യാവ് ഉപദേശിക്കുന്നു. വലിയ സംരംഭങ്ങളുടെ വിജയത്തിന് അനേക ചെറിയകാര്യങ്ങൾ സശ്രദ്ധം ക്രമീകരിക്കേണ്ടതാവശ്യമാണ്. അല്പ കാര്യങ്ങളിൽ ഏകാഗ്രത പാലിച്ചവരാണ് വലിയകാര്യങ്ങൾ നേടിയെടുത്തിട്ടുള്ളത്. കവിണപ്രയോഗം ശരിയായി പരിശീലിച്ച ദാവീദിന് തന്റെ കവിണയും കല്ലും കൊണ്ടു മല്ലനായ ഗോല്യാത്തിനെ വധിക്കുവാൻ കഴിഞ്ഞു. ക്രിസ്തീയ ജീവിതം വിജയിക്കണമെങ്കിൽ നാം ചെറിയ കാര്യങ്ങളിൽ വിശുദ്ധിയും സത്യവും പാലിക്കുവാൻ ശ്രദ്ധിക്കണം. തൂക്കുകട്ട ഭിത്തിയിൽ വയ്ക്കപ്പെടുന്ന ഓരോകല്ലും ശരിയായ സ്ഥാനത്ത് ശരിയായ രീതിയിൽ സ്ഥാപിക്കപ്പെടുവാൻ സഹായിക്കുന്നു. ദൈവം നമ്മുടെ പണികളുടെ മേൽ തന്റെ തൂക്കുകട്ട പിടിച്ചു നോക്കുന്നവനാണ്. ആമോസ് 7:7,8 ഓരോ കല്ലും അതിന്റെ അടിസ്ഥാനത്തോട് ചേർന്നുപോകണം. അത്യല്പത്തിൽ വിശ്വസ്തൻ അധികത്തിലും വിശ്വസ്തൻ. അത്യൽപത്തിൽ നീതികെട്ടവൻ. അധികത്തിലും നീതി കെട്ടവൻ. ചെറിയ കാര്യങ്ങളിലും നാം ക്രിസ്തീയ പ്രമാണങ്ങൾ അവഗണിക്കരുത്. *സംഗ്രഹണം. സൂക്ഷ്മ കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ മാത്രമേ വലിയ കാര്യങ്ങൾ നേടുവാൻ സാധിക്കൂ.*

K.C.M.

### മാത്തൂച്ചായൻ



തിരുവല്ലായിൽ ഒരു പാസ്റ്റർ "അപ്പോൾ അവർ അവനെ എറിയുവാൻ കല്ലെടുത്തു, യേശുവോ മറഞ്ഞു ദൈവാലയം വിട്ടുപോയി (യോഹ. 8.59) വിട്ടുപോയി എന്നതാണ് ഇന്നത്തെ എന്റെ പ്രസംഗവിഷയം 'രോഗംവിട്ടുപോയി', 'ഭൂതംവിട്ടുപോയി' 'ശത്രുവിട്ടുപോയി' ജനം വിട്ടുപോയി. എന്നതാണ് ഇന്നത്തെ എന്റെ പ്രസംഗവിഷയം. അച്ചായന്റെ പ്രതികരണം എന്താണ്?

"വിട്ടുപോയി പ്രസംഗത്തിലെ" ഒടുവിലെ പോയിന്റ് "ജനംവിട്ടുപോയി" "ദൈവവും വിട്ടുപോയി!" അത്രതന്നെ!"

# സ്ഥലംസഭകളുടെ സ്വാതന്ത്ര്യം

എം.ഇ. ചെറിയാൻ

ഒരു സ്ഥലംസഭയിൽ അംഗങ്ങൾ എത്ര ചുരുക്കം ആയിരുന്നാലും അത് അതിൽ തന്നെ ഒരു പൂർണ്ണഘടകവും സർവകാലത്തും സർവദേശത്തുമുള്ള സർവ്വവിശ്വാസികളും ചേർന്ന സാർവത്രികസഭയുടെ ഒരു അംഗവുമാണ്. കർത്താവ് നിയമിച്ചാക്കിയ മൂപ്പന്മാരോടും ശുശ്രൂഷകന്മാരോടും കൂടെ ഓരോ സ്ഥലംസഭയും അതാതു സ്ഥലത്തു സ്വതന്ത്രമായി നില്ക്കുന്ന നിലയാണ് പുതിയ നിയമത്തിൽ നാം കാണുന്നത്. ഏകശിരസ്സോടെ ബന്ധപ്പെട്ട ഏകശരീരം എന്ന നിലയിൽ വീണ്ടും ജനിച്ച എല്ലാ വിശ്വാസികളും അങ്ങനെയുള്ള വിശ്വാസികളെക്കൊണ്ടു രൂപീകൃതമായ സ്ഥലംസഭകളും തമ്മിൽ വേർപിരിപ്പാൻ കഴിയാത്ത ഒരു ആത്മീയഐക്യമുണ്ട്. അത് തീർച്ചയായും പരിപാലിക്കപ്പെടേണ്ടതാണ്. എന്നാൽ വിവിധ പ്രാദേശിക സഭകളെ ഒരു ഭരണത്തിൽ കീഴിൽ സംഘടിപ്പിക്കുന്നത് വെറും മാനുഷികമാണ്, ദൈവീകമല്ല.

ഒരു സ്ഥലം സഭയുടെ മേൽ ഇതര സ്ഥലംസഭകളോ ഇതര സ്ഥലം സഭയിലെ മൂപ്പന്മാരോ അധികാരം ചെലുത്തുന്ന രീതിയും പുതിയ നിയമത്തിൽ നാം കാണുന്നില്ല. ഓരോ സഭയും അതാതു സ്ഥലത്ത് സ്വതന്ത്രമായി നില്ക്കുന്നു. ശരീരത്തിലുള്ള ഓരോ അവയവത്തിന്റേയും അന്യോന്യബന്ധം അവയ്ക്ക് ശിരസ്സിനോടുള്ള ബന്ധത്തെ ആശ്രയിച്ചിരിക്കുന്നു. അതുപോലെ എല്ലാവർക്കും ക്രിസ്തുയേശുവിനോട് നേരിട്ടു ബന്ധം ഉണ്ടെന്നുള്ളതാണ് വിശ്വാസികൾക്കു തമ്മിലും സ്ഥലംസഭകൾക്കു തമ്മിലുമുള്ള ബന്ധത്തിന് കാരണവും അടിസ്ഥാനവും. (എഫെ. 2:15, 16, 1 കൊരി. 12:12–14). മനുഷ്യനിർമ്മിതമായ ഇതരസംഘടനകളെല്ലാം ഭിന്നതയ്ക്കും ദൈവസഭയിൽ കുഴപ്പങ്ങൾ ഉണ്ടാകുന്നതിനും മുഖാന്തരങ്ങൾ ആകും. ശരീരത്തിൽ കൈയ്കാലുകൾ മാത്രം ചേർന്ന് മറ്റുള്ള അവയവങ്ങളിൽ നിന്നു പിരിഞ്ഞ് ഒരു പ്രത്യേക സംഘടന രൂപീകരിച്ചാൽ ശരീരത്തിന്റെ പൊതുവ്യവസ്ഥിതിക്ക് അത് ബാധകമാകുകയില്ലേ?



ഒരു രാജ്യത്തുള്ള ഒരു വലിയ സഭയുടെ ചെറിയ ഒരു ശാഖയല്ല ഒരു സ്ഥലംസഭയെന്നു നാം മനസ്സിലാക്കണം. അതിനാൽ നാം ഒരു സ്ഥലംസഭയിൽ ചേരുമ്പോൾ ആ സ്ഥലംസഭയുടെ അംഗമായിത്തീർന്നു എന്നല്ലാതെ അതിന്റെ അതിർത്തികൾക്ക് വെളിയിലുള്ള ഏതോ ഒരു പ്രത്യേക സഭാവിഭാഗത്തോടു നാം ചേർന്നു എന്ന് അർത്ഥമില്ല. ആസ്യയിലെ ഏഴു സഭകളെ ഏഴു പൊൻ നിലവിളക്കുകളോടു സാമ്യപ്പെടുത്തി വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. (വെളി. 1:19–20) അവ പ്രത്യേകം പ്രത്യേകമായ ഏഴു വിളക്കുകളാണ്. പുറപ്പാടു പുസ്തകത്തിൽ കാണുന്നതുപോലെ ഒറ്റ ഒരു നിലവിളക്കിന്റെ ഏഴു ശാഖകൾ അല്ല. ആസ്യയിലെ ഒരു സഭയുടെ ഏഴു ശാഖാ സഭകൾ അല്ലായിരുന്നു. ആസ്യയിലെ സഭകൾ എന്നാണതിന്റെ അർത്ഥം. ഏഴു നിലവിളക്കുകൾ ആണെന്നുള്ളതും പൊന്നിനാൽ ഉണ്ടാക്കപ്പെട്ടതാണെന്നുള്ളതുമാണ് ഏഴിന് തമ്മിലുള്ള സാമ്യവും ഐക്യവും.

നിങ്ങളുടെ തലവൻ ആര്? ഹെഡ്ക്വാർട്ടേഴ്സ് എവിടെ? എന്നെല്ലാം ചിലർ നമ്മോട് ചോദിക്കാറുണ്ട്. തന്റെ ശരീരമായ സഭയ്ക്ക് തലയായി ദൈവം സ്വപുത്രനെ നിയമിച്ചിരിക്കുന്നു. എഫെ. 1:20 ക്രിസ്തുവല്ലാതെ വേറൊരു തലവൻ സഭയ്ക്കില്ല. അവിടുന്ന് കൃപാസനത്തിൽ ഇരുന്നരുളുന്ന സ്വർഗ്ഗമാണ് നമ്മുടെ തലസ്ഥാനം. പല സ്ഥലംസഭകളെ നിയന്ത്രിക്കുന്ന ഒരു അദ്ധ്യക്ഷനോ ഒരു കേന്ദ്രസഭയോ, കമ്മറ്റിയോ പ്രതിനിധി സമ്മേളനങ്ങളോ പ്രതിപുരുഷ യോഗങ്ങളോ ഒന്നും തിരുവെഴുത്തിലില്ല. ഒരു സ്ഥലംസഭയിലെ ശുശ്രൂഷകന് മറ്റൊരു സഭയിലേക്ക് സ്ഥലം മാറ്റം കൊടുക്കുന്നത്, ഒരു സഭാദ്ധ്യക്ഷനോ ഒരു ജനറൽക്കമ്മറ്റിയോ മറ്റു സ്ഥലം സഭകളിലേക്കു പ്രസ്തുത സ്ഥലംസഭകളെ നിയന്ത്രിക്കുന്ന കത്തുകളോ കല്പനകളോ അയയ്ക്കുന്നത് മുതലായ എല്ലാ കാര്യങ്ങളും വെറും ജഡികങ്ങളായ ഭരണസമ്പ്രദായങ്ങളാണ്. പുതിയ നിയമത്തിൽ ദൈവസഭയ്ക്ക് ദൈവം അനുവദിച്ചിട്ടുള്ള രീതിയല്ല. മാനുഷികസംഘടനകൾക്കും മനുഷ്യൻ സ്വീകരിക്കുന്ന രീതിയാണ്.

(തുടരും)

# ന്യൂട്ടൺന്റെ കത്ത്; ലോകം പരിഭ്രാന്തിയിൽ

സുപ്രസിദ്ധ ബ്രിട്ടീഷ് ഭൗതികശാസ്ത്രജ്ഞൻ സർ ഐസക് ന്യൂട്ടന്റെ കണക്കുകൾ പ്രകാരം ഭൂമിയുടെ അന്ത്യം 2060–ൽ സംഭവിക്കും. ന്യൂട്ടൺന്റെ ഈ കണ്ടെത്തലുകൾ ഉൾക്കൊള്ളുന്നതും 1704–ൽ അദ്ദേഹം എഴുതിയതുമായ ഒരു കത്ത് ജെറുസലേമിലെ ഹീബ്രു യൂണിവേഴ്സിറ്റി പ്രദർശനത്തിനു വച്ചിരിക്കുന്നു. ഈ കത്ത് പ്രദർശനത്തിനെത്തിയതോടെ ലോകാവസാനത്തെ സംബന്ധിച്ചുള്ള വാർത്തകളുടെ പുറകെയാണ് മാധ്യമലോകം. എല്ലാ വിഭാഗം ആളുകളും ഈ വാർത്തയ്ക്ക് താൽപര്യം കാണിച്ചിരിക്കുന്നതിനാൽ ഇതോടനുബന്ധിച്ചുള്ള പല കഥകളും ഇപ്പോൾ പുറത്തുവരുന്നുമുണ്ട്.

ബൈബിളിൽ ദാനിയേലിന്റെ പുസ്തകത്തെ അടിസ്ഥാനമാക്കിയാണ് ഇദ്ദേഹം ഈ കണ്ടെത്തലുകൾ നടത്തിയിരിക്കുന്നതെന്നാണ് പണ്ഡിതർ പറയുന്നത്. റോമാസാമ്രാജ്യം പടിഞ്ഞാറൻ യൂറോപ്പിൽ എ. ഡി. 800–ൽ സ്ഥാപിക്കപ്പെട്ടു. ഇതിനുശേഷം 1260 വർഷംകഴിയുമ്പോൾ ലോകം അവസാനിക്കും എന്നാണ് ഐസക് ന്യൂട്ടൺ വിശ്വസിച്ചിരുന്നത്. ഇക്കാര്യങ്ങൾ എഴുതിയിരിക്കുന്ന കത്താണ് ഇപ്പോൾ ഹീബ്രു യൂണിവേഴ്സിറ്റിയിൽ പ്രദർശിപ്പിച്ചിരിക്കുന്നത്.

ആധുനിക ഭൗതിക ശാസ്ത്രജ്ഞനും തത്വജ്ഞനും എന്നിങ്ങനെ പല നിലകളിൽ ശോഭിച്ച ഒരു പ്രതിഭയായിരുന്നു സർ ഐസക് ന്യൂട്ടൺ. ആപ്പിൾ മരത്തിൽനിന്നും ആപ്പിളുകൾ എന്തുകൊണ്ട് മുകളിലേക്കുയർന്നുപോകാതെ താഴേക്കു പതിക്കുന്നു എന്നതിനെക്കുറിച്ച് ന്യൂട്ടൺ പഠിച്ചതിന്റെ ഫലമായിരുന്നു ഭൂമിക്കു ഗുരുത്വാകർഷണ ബലം ഉണ്ടെന്നുള്ള ഇദ്ദേഹത്തിന്റെ കണ്ടെത്തൽ. 17–ാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് പ്രതിഭയായിരുന്ന ഇദ്ദേഹം കാംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽവച്ച് നടത്തിയ പഠനങ്ങളാണ് ഊർജ്ജതന്ത്രം എന്ന ശാസ്ത്രശാഖയെ ഇന്നത്തെ വളർച്ചയിൽ എത്തിച്ചിരിക്കുന്നത് എന്ന് ശാസ്ത്രലോകം സമ്മതിക്കുന്ന യാഥാർത്ഥ്യമാണ്.



ഭൂമിയുടെ ഗുരുത്വാകർഷണ ബലത്തെ അടിസ്ഥാനമാക്കി പിന്നീട് വിപ്ലവകരമായ പല കണ്ടെത്തലുകൾക്കും ലോകം സാക്ഷിയായി.

പ്രമുഖ പണ്ഡിതന്മാർക്ക് അക്കാലത്ത് ചർച്ച് ഓഫ് ഇംഗ്ലണ്ട് നൽകിയിരുന്ന ഓർഡിനേഷൻ എന്നാൽ ന്യൂട്ടൺ സ്വീകരിച്ചിരുന്നില്ല. ഒരു യുക്തിവാദിയായി ജീവിച്ച അദ്ദേഹത്തിന് അതിനുള്ള അവസരം ബ്രിട്ടീഷ് രാജകുടുംബം പ്രത്യേകം അനുവദിച്ചിരുന്നു. യുക്തിവാദിയായിരുന്ന ന്യൂട്ടൺ ബൈബിളിനെ അടിസ്ഥാനമാക്കി നടത്തിയ കണ്ടെത്തലുകളിൽ അൽപ്പം കാര്യമില്ലേ എന്നാണ് 2060–ൽ ലോകം അവസാനിക്കുമോ എന്ന് ഭയപ്പെടുന്നവരുടെ നിഗമനം.

എല്ലാറ്റിനെയും യുക്തിയുടെ മാനദണ്ഡം ഉപയോഗിച്ച് അളന്നുവെങ്കിലും തന്റെ അവസാനകാലങ്ങളിൽ ബൈബിൾ ദൈവവചനമാണ് എന്ന് ന്യൂട്ടൺ വിശ്വസിച്ചിരുന്നുവത്രെ. താൻ നിത്യവും ബൈബിൾ പഠിക്കാറുണ്ടെന്നും ബൈബിൾ ദൈവവചനമാണെന്നും അദ്ദേഹം പറഞ്ഞിരുന്നുവത്രെ.

എന്താണെങ്കിലും ന്യൂട്ടണിന്റെ കത്ത് വിശ്വാസ സമൂഹത്തിൽ ഭയമോ അതിശയമോ ഉളവാക്കുന്നില്ല. ലോകാവസാനവും കർത്താവിന്റെ വരവും ഒക്കെ പ്രവചിച്ച പല മഹാന്മാരും ഇളിഭ്യരായി തീർന്നിട്ടുള്ള സംഭവം നമ്മുടെ സ്മരണയിൽനിന്നു മാഞ്ഞിട്ടില്ല. പിതാവല്ലാതെ ആരും അറിഞ്ഞിട്ടില്ലാത്ത കാര്യം ന്യൂട്ടണിന്റെ ഡയറിയിൽ ഉണ്ടെങ്കിൽ ഇളിഭ്യന്മാരുടെ എണ്ണം വർദ്ധിക്കുക തന്നെ ചെയ്യും.

# HIGHRANGE ECHO

എഴുതുക.... അയയ്ക്കുക (വെളിപ്പാട് 1:11) ■ November 2011


*എഡിറ്റോറിയൽ....*

## വെൺചിതൽ

വളരെ ചെറിയ ഒരു ജീവിയാണ് ഇത്. ചിതൽ വർഗ്ഗത്തിലെ വെള്ളക്കാരാണിവർ. ഉറപ്പുള്ള തടിയുടെ അന്തർഭാഗത്ത് ഉണ്ടായി വളരുന്നവരാണീ കൂട്ടർ. വളരെ ബലമുള്ള തടിയേയും ക്രമേണ ഇവർ കരണ്ടുതിന്ന് ജീവിതം സമൃദ്ധമാക്കുന്നു.

തടി നശിപ്പിക്കുന്ന വെൺചിതൽ അകത്ത് നാശം വിതയ്ക്കുന്ന കാര്യം പുറംലോകത്തിന്നറിയില്ല, അറിയിക്കുകയുമില്ല. തടിയുടെ ബാഹ്യഭാഗത്ത് ഒരു പോറൽപോലും ഉണ്ടാകുവാൻ ഇവകൾ സമ്മതിക്കില്ല. തടിയുടെ പുറംമേനി സൂക്ഷിക്കുന്ന പുറംപാളി അതേപടി നിലനിർത്തിക്കൊണ്ടാണ് ഇവർ ആക്രമണം നടത്തുന്നത്. മനുഷ്യനെ പണ്ട് കാലം മുതൽ ആക്രമിക്കുന്ന അർബുദം(2 തിമൊ 2:27) അഥവാ ക്യാൻസർ ഈ തരത്തിലുള്ള ഒരു രോഗാണുവാണ്. ക്യാൻസർ രോഗാണുവിനാൽ ആക്രമിക്കപ്പെടുന്നവർ നശിക്കാറാകുമ്പോഴേ ശത്രുവിന്റെ ആക്രമണം അറികയുള്ളു. നേരത്തെ കണ്ടുപിടിക്കാൻ വൈദ്യശാസ്ത്രം ഇന്ന് പല നൂതന വിദ്യകളും കണ്ടുപിടിച്ചിട്ടുണ്ട്. റേഡിയം തെറാപ്പിമൂലം വ്യാപനം തടയാൻ ശ്രമിക്കുന്നു.

ആത്മീയരംഗത്ത് കടന്നുകൂടിയിരിക്കുന്ന വെൺചിതൽ ഉണ്ട്. അസൂയ സ്വാർത്ഥത മുതലായ വെൺചിതലുകൾ സ്നേഹത്തിന്റെയും ഐക്യതയുടെയും കപടഭാവത്താൽ ഈ വെൺചിതലുകളെയും അവയുടെ ആക്രമണത്തെയും വളരെ വൈകിയേ അറികയുള്ളു. കാണുമ്പോൾ സ്നേഹത്തിന്റെ ബഹിർ പ്രകടനം ഒരു ചെറിയ ചിരിയിലൂടെ പ്രകടിപ്പിക്കും. കൈകൊടുക്കും, ക്ഷേമാന്വേഷണം നടത്തും. വേണമെങ്കിൽ അല്പം മുഖസ്തുതിയും പാസ്സാക്കും. അസൂയയും സ്വാർത്ഥതയും നിർബ്ബാധം വളരുവാനുള്ള കപടതന്ത്രമാണിത്. ഇവർ ജഢീകന്മാരാണ്. പ്രാകൃതന്മാരായിരിക്കയില്ല. ക്രമേണ സഭാഗാത്രം മുഴുവൻ  താറുമാറാക്കുവാൻ ഇത് കാരണമാകും. രക്ഷിതാവായ കർത്താവ് അതിനിശിതമായി വിമർശിക്കുകയും ശപിക്കുകയും ചെയ്തത് ഈ കൂട്ടരെയാണ്. കപടഭക്തർ! ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവർ. മോശയുടെ ന്യായപ്രമാണം കല്ലെറിഞ്ഞുകൊല്ലണമെന്ന് വിധിക്കുന്ന വ്യഭിചാരിണിയെ കർത്താവ് വിമർശിച്ചില്ല.

മറ്റുള്ളവരുടെ ന്യൂനതനോക്കി നടക്കുകയും ഉള്ളതോ ഇല്ലാത്തതോ എന്ന് നിശ്ചയമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് സഹോദരവർഗ്ഗത്തെ അപവദിക്കുന്ന ഈ കൂട്ടർ സാത്താന്റെ അനുയായികളാണ്.

വിമർശനം വിമോചനം ഉളവാക്കുന്നില്ല. സത്യസുവിശേഷത്തെ യഥാർത്ഥമായി പ്രസംഗിച്ച് സുവിശേഷത്തിന്റെ പ്രയോക്താക്കളായിരിപ്പാൻ ശ്രമിക്കാം സഹോദരവർഗ്ഗത്തിന് ഗുണകാംക്ഷികളായി ജീവിക്കാം. വിശ്വാസികൾ ദൈവസന്നിധിയിൽ വിശ്വസ്തരായിരിക്കേണ്ടത് ദൈവീകനിർദ്ദേശമാണ്.

അസൂയയും സ്വാർത്ഥയും വർദ്ധിക്കാതിരിപ്പാൻ പ്രാർത്ഥനാതെറാപ്പി വളരെ പ്രയോജനം ചെയ്യുന്നതാണ്.


ശേഷിച്ച കഷണം

### “ദർഭെ, കുശെ, ഞാങ്ങണെ, വയ്ക്കോലെ”

**ഹോമ**ത്തിന് ദർഭ പുല്ലാണ് ശ്രേഷ്ഠം, കുശ എന്നു പറയുന്നത് വെളുത്ത ദർഭ യെയാണ്. അതിനു മഹത്വം കുറയും. അതും കിട്ടാൻ  ബുദ്ധിമുട്ടായാൽ ആറ്റരികത്തു കാണുന്ന ഞാങ്ങണ പുല്ലാ യാലും ഉപയോഗിക്കാം. ഒന്നും കിട്ടാതെ വന്നാൽ വയ്ക്കോലെങ്കിലും വേണം. ഇന്നു വയ്ക്കോലിനാണ് സർവ്വത്ര ആധിപത്യം. ശ്രേഷ്ഠവും, മഹത്വവുമുള്ളതും  ആത്മീകന്മാരും ഭക്തിയുള്ളവരും എല്ലാം പുറത്താണ്. വയ്ക്കോലാണ് രാജാവ്. അതാണ് ഭരണം നടത്തുന്നത്. മഹത്വം പൊയ്പോയി എന്നു സാരം. മഹത്തായ കാര്യങ്ങളിൽ തുടങ്ങി, ശ്രേഷ്ഠമായ ലക്ഷ്യങ്ങളിൽ തുടങ്ങി ഒടുവിൽ വെറും ജഡികസ്ഥാനങ്ങൾ കയ്യടക്കാനുള്ള സംഘടനകളും പ്രവർത്തനങ്ങളുമായി തരം താണവസാനിക്കുന്ന പ്രവർത്തനപദ്ധതികൾ. അനുഭവങ്ങളിൽ ആരംഭിച്ച് ആചാരങ്ങളിൽ അവസാനിക്കുന്ന ചടങ്ങുകൾ. നല്ല ലക്ഷ്യത്തിൽ ആരംഭിച്ച് ദുഷ്പേരു വാങ്ങി അവസാനിക്കുന്ന പ്രസ്ഥാനങ്ങൾ. ദർഭയിലാരംഭിച്ച് വയ്ക്കോലിൽ അവസാനിക്കുന്നു.

കടപ്പാട് : ഇ.സി. സൈമൺ

### ജിമ്മിയും മമ്മിയും



*“മാസത്തിൽ ഒരിക്കൽ വരുന്നത് ‘മാസിക, ഒരു വാരത്തിൽ വരുന്നത് ‘വാരിക’’ “ജിമ്മിക്കുട്ടന് ഇവിടെവരുന്നതിലേതാണ് ഇഷ്ടമുള്ളത്?*

*“ആ താഴത്തിരിക്കുന്നതാണ് എന്റെ ‘ഇഷ്ടിക!’*

*“ഇഷ്ടികയോ? അതെന്താ?”*

*‘ഇഷ്ടമുള്ളതിന്റെ പേര് ‘ഇഷ്ടിക’ എന്നല്ലേ പറയേണ്ടത്?’*

**വേദനയുടെ മാഹാത്മ്യം – 5**

# “നിൻ സ്നേഹമെന്താശ്ചര്യം യേശുപരാ!”



ആനി വിൽസൺ, ന്യൂ ജേഴ്സി

**അ**വർണ്ണനീയമായ അളവറ്റ ദൈവസ്നേഹം ഒരു ദൈവപൈതൽ തന്റെ ജീവിതത്തിൽ അധികമായി രുചിച്ചറിയുമ്പോഴുണ്ടാകുന്ന ആ ദിവ്യാനുഭൂതിയുടെ വിശദീകരണം വാക്കുകളിൽ ഒതുങ്ങുന്നവയല്ല. കാരണം അത് അനുഭവമാണ്.

പലപ്പോഴും ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയുടെ അളവ് എത്രയുണ്ടെന്ന് ആ നല്ല പിതാവ് അളന്നു നോക്കാറുണ്ട്. അതിന് ഉപയോഗിക്കുന്ന അളവുകോൽ വേദനാജനകമായിരിക്കാം. മാത്രമല്ല നിനച്ചിരിക്കാത്ത സമയത്ത് ഇത് സംഭവിക്കുന്നതുകൊണ്ട് അത് ഏറ്റുവാങ്ങുവാനുമുള്ള മനസ്സൊരുക്കവും നമുക്കുണ്ടായിരിക്കയില്ല.

വളരെ കർക്കശമായ മതാചാരങ്ങളിലും അനുഷ്ഠാനങ്ങളിലും, പാരമ്പര്യത്തിലും വേരൂന്നി നിന്ന് തലമുറകളോളം പഴക്കമുള്ള ഒരു കത്തോലിക്കാ കുടുംബാംഗമായ ഞാൻ 1980ൽ എന്റെ രക്ഷിതാവിനെ കണ്ടെത്തി. ദൈവം ജീവിക്കുന്നവനെന്ന് അനുഭവത്തിലൂടെ രുചിത്തറിഞ്ഞതിനുശേഷം മാത്രമാണ് സകലത്തിലും കാരണം അന്വേഷിക്കുന്ന ദുശ്ശാഠ്യ സ്വഭാവക്കാരിയായ ഞാൻ എന്റെ കർത്താവിനെ സ്വീകരിച്ചത്.

വിശ്വാസ ജീവിതം എന്നെ സംബന്ധിച്ചിടത്തോളം ഒരു പട്ടുമെത്ത അല്ലായിരുന്നു. ‘‘നിങ്ങൾക്ക് ലോകത്തിൽ കഷ്ടം ഉണ്ട്’’ എന്നു അരുളിച്ചെയ്ത ആ നല്ല നാഥന്റെ വാക്കുകൾ ജീവിതത്തിൽ അടിക്കടി അന്വർത്ഥമായിക്കൊണ്ടിരിക്കുന്നു. എന്നാൽ അവയ്ക്കൊക്കെയും അതിമഹത്തായ നീക്കുപോക്കുകളും എന്റെ ദൈവം ഒരുക്കിയിരിക്കുന്നു. ദൈവം എത്രയോ നല്ലവൻ!

യിസ്രായേൽ ജനം തങ്ങളുടെ കഷ്ടതയിൽ യഹോവയെ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞതുപോലെ പലപ്പോഴും മരണത്തിന്റെ വക്കോളം എത്തിയ അവസരങ്ങളിൽ എനിക്ക് ആശ്വാസവും പ്രത്യാശയും നൽകിയത്. എന്റെ കർത്താവിന്റെ വചനങ്ങളത്രെ, “ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല” എന്നെ തലോടിയതും ധൈര്യപ്പെടുത്തിയതും ആ ദിവ്യകരങ്ങളത്രെ...! ദൈവത്തിന്റെ ജീവനുള്ള വചനം നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ അനുഭവമായി പരിണമിക്കുമ്പോഴുണ്ടാകുന്ന ആ ദിവ്യ അനുഭൂതി എങ്ങനെ കടലാസിലേക്ക് പകർത്തും എന്ന് എനിക്കറിഞ്ഞുകൂടാ. എങ്കിലും അനേക അനുഭവങ്ങളിൽ നിന്ന് ഒന്നു മാത്രം ഞാൻ താഴെ ഉദ്ധരിക്കട്ടെ.

2000 നവംബർ അവസാനത്തിൽ സകല മനുഷ്യരും ഭയപ്പെടുന്ന ‘കാൻസർ’ എന്ന മാരകമായ രോഗം എന്നെ കടന്നു പിടിച്ചു. സാധാരണക്കാരെപ്പോലെ അത് അംഗീകരിക്കുവാൻ എനിക്കു മനസ്സു വന്നില്ല. എന്നാൽ എല്ലാ പരിശോധനകളും, എന്റെ രോഗം കാൻസർ എന്നു തന്നെ വെളിപ്പെടുത്തിയതിനാൽ എനിക്ക് അത് സമ്മതിക്കേണ്ടിവന്നു.

ഡോക്ടറുടെ മുൻപിൽ ഞാൻ മൗനം അവലംബിച്ചെങ്കിലും, മടക്കയാത്രയിൽ ഞാൻ എന്റെ നിയന്ത്രണം വിട്ടുകരഞ്ഞുപോയി. എന്നാൽ ഉടനെ തന്നെ ഞാൻ ഒരു ദൈവപൈതലാണെന്നുള്ള സത്യം എന്നെ പിടിച്ചുനിർത്തി. ഞാൻ ഒരു വാക്കുമാത്രം പ്രാർത്ഥിച്ചു. “ദൈവമേ, എന്റെ കരം മുറുകെ പിടിക്കണം.”


ഇതു തനിയെ താങ്ങുവാനുള്ള കരുത്ത് എനിക്കില്ല എന്ന് നന്നായറിയാമായിരുന്നു. എന്റെ ഈ ചെറിയ നിലവിളിക്ക് ഉടനെ തന്നെ എനിക്ക് ഉത്തരം ലഭിച്ചു. ഒരു പ്രത്യേക ശക്തി എനിക്കു ലഭിച്ചതു പോലെ തോന്നി. ഞാനെന്റെ കണ്ണുനീർ തുടച്ച് ഉന്മേഷവതിയായിത്തീർന്നു. അതിനുശേഷം ഞാൻ ഈ രോഗത്തിന്റെ കാഠിന്യത്തെ ഓർത്തു കരഞ്ഞിട്ടില്ല. അതി കഠിനമായ ചികിത്സാക്രമങ്ങളിൽ (കീമോതെറാപ്പി, റേഡിയേഷൻ) കൂടി കടന്നു പോകുമ്പോൾ ദൈവം എനിക്ക് അസാധാരണമായ ധൈര്യം നൽകിയിരുന്നു. സമാധാനവും സന്തോഷവും ഞാൻ അധികമായനുഭവിച്ചു. എന്നെ വീണ്ടെടുത്ത എന്റെ കർത്താവിന്റെ ദിവ്യസ്നേഹം ഞാൻ രുചിച്ചറിഞ്ഞു. ഞാനൊരു രോഗിയാണെന്ന് ചിന്തിച്ചതേയില്ല. ഏകദേശം ഒൻപത് മാസത്തോളം ഞാൻ ചികിത്സയിൽ കഴിഞ്ഞെങ്കിലും ആ നാളുകളൊക്കെയും ദൈവവചനം പഠിക്കുവാനും മറ്റനേകം ആത്മീയഗ്രന്ഥങ്ങൾ വായിക്കുവാനും കർത്താവിനു വേണ്ടി എന്റെ തൂലിക ചലിപ്പിക്കുവാനും ദൈവം എനിക്ക് കൃപ ചെയ്തു. മാത്രമല്ല ധാരാളം സമയം പ്രാർത്ഥനയിൽ ചെലവഴിക്കുവാനും എനിക്കിടയായിത്തീർന്നു. അർബുദ രോഗം എന്റെ ശരീരത്തെ കാർന്നുതിന്നെങ്കിലും ആത്മാവിൽ ഞാൻ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. ഈ അനുഭവങ്ങളൊക്കെയും ദൈവത്തിലുള്ള എന്റെ വിശ്വാസത്തെ ഒന്നുകൂടി ദൃഢപ്പെടുത്തി എന്ന് എനിക്കു പറയുവാൻ കഴിയും.

മനുഷ്യജീവിതം ഇന്നു വിടർന്ന് നാളെ പൊഴിയുന്ന പുഷ്പം പോലെ ഹ്രസ്വമാണെന്ന് ഈ കാലയളവ് എന്നെ ബോധ്യപ്പെടുത്തി. ആയതിനാൽ ശേഷിക്കുന്ന ജീവിതം കർത്താവിന്റെ വേലയിൽ ഉറ്റിരിക്കുവാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. വളരെ തിരക്കേറിയ ജീവിതചര്യയിൽ നിന്നും അനശ്വരമായ ആത്മീയ അനസ്വരമായ ആത്മീയ അനുങ്ങളിലേക്ക് ദൈവം എന്നെ നടത്തി. ഈ രോഗം ദൈവം എന്റ മേൽ ചൊരിയാനിരുന്ന ആത്മീയ അനുഗ്രഹങ്ങളുടെ ഒരു നാന്ദിയായിരുന്നു എന്ന് എനിക്ക് തോന്നുന്നു. അങ്ങവെ രോഗവും ചികിത്സയുമൊക്കെയായി കഴിച്ച നാളുകൾ ദൈവകൃപ അധികമായി അനുഭവിച്ച നാളുകളായിരുന്നു. അതെനിക്കു ഏറെ അനുഗ്രഹകരമായിത്തീർന്നു. ഇതു വായിക്കുന്ന പ്രിയ സഹോദരങ്ങളേ, നിനച്ചിരിക്കാത്ത നിമിഷത്തിൽ താങ്ങാനാവാത്ത പ്രയാസങ്ങളും ദുഃഖങ്ങളും കടന്നുവരുമ്പോൾ കർത്താവിൽ ധൈര്യപ്പെടുക. അപ്പോൾ അത് അനുഗ്രഹമായി മാറും.

ലോകത്തിൽ നമുക്ക് കഷ്ടം ഉണ്ട്, എന്നാൽ നമ്മുടെ കർത്താവ് ആ കഷ്ടത്തെ ജയിച്ചിരിക്കയാൽ നമുക്കു വിജയം ഉണ്ട്. ആകയാൽ നമുക്കു സന്തോഷിക്കാം. ഇതൊക്കെയും നമ്മുടെ ദൈവത്തിന്റെ ഉന്നതനാമം മഹത്വപ്പെടുവാൻ ഇടയായിത്തീരും. (തുടരും)

*(തുടരും)*

# വെടി വയ്ക്കരുതേ! ഗദ്ദാഫി



സി. റ്റി. ജോണിക്കുട്ടി

സ്വർണ്ണത്തോക്കുമായി പതിനായിരങ്ങളെ കൊന്നൊടുക്കി, സ്വേച്ഛാധിപത്യം ഉറപ്പിച്ച്, ഏകാധിപത്യത്തിന്റെ കിരാതഭരണം സമ്മാനിച്ച ലിബിയൻ രാജാവ് കേണൽ ഗദ്ദാഫി തോക്കിന് ഇരയായി.

'വാളെടുക്കുന്നവൻ വാളാൽ' എന്ന പ്രസിദ്ധമായ മൊഴിയുടെ നിറവേറൽ കൂടിയായി ഗദ്ദാഫിയുടെ അന്ത്യം. 42 വർഷത്തെ ലിബിയയുടെ ചങ്ങലപ്പൂട്ടുകളാണ് വിമതസൈന്യം പൊട്ടിച്ചെറിഞ്ഞത്. അറുപത് ലക്ഷം ജനങ്ങൾ സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിച്ചു തുടങ്ങിയിരിക്കുന്നു.

ഏകാധിപത്യത്തിന്റെ പീഡനങ്ങളിൽനിന്ന് ഏറ്റവും ഒടുവിൽ സ്വതന്ത്രമായ മുസ്ലീം രാഷ്ട്രമാണ് ലിബിയ. പത്തുമാസം നീണ്ടുനിന്ന ആഭ്യന്തര യുദ്ധത്തിന് വിരാമമുണ്ടായി. രക്തരൂഷിത വിപ്ലവത്തിലൂടെ ഒരു രാജ്യം മുഴുവനായി അരക്ഷിതാവസ്ഥയിലായി.

സ്വർണ്ണസിംഹാസനത്തിൽ ഇരുന്ന് നാലുപതിറ്റാണ്ടുകൾ രാജരഥം മനുഷ്യജീവികളുടെ മീതെ ഉരുട്ടി സുഖവും സന്തോഷവും കണ്ടെത്തിയ ക്രൂര ഭരണാധികാരിയായിരുന്നു ഗദ്ദാഫി. ഈശ്വരവിശ്വാസത്തെ ഇടവേള കൂടാതെ ഉയർത്തിക്കാട്ടുകയും അതിനു മറവിൽ ക്രൂരതയുടെ ആൾരൂപമായി മാറുകയുമായിരുന്നു ഗദ്ദാഫി.

ജനരോഷത്തിന്റെ സുനാമിയിൽ കൊട്ടാരവും സിംഹാസനവും രഥങ്ങളും ആയുധശേഖരങ്ങളും ഗദ്ദാഫിയുടെ അതിരുകളിൽനിന്ന് ഒലിച്ചുപോയി. രക്ഷപെടാനുള്ള ഒളിയിടം തേടി രാവിനെ പകലാക്കി പാലായനം ചെയ്യുകയായിരുന്നു ഈ 'മഹാരാജാവ്'. ഏറ്റവും ഒടുവിൽ ചെന്നെത്തിയത് ആകട്ടെ ഒരു പട്ടണത്തിന്റെ മുഴുവൻ മാലിന്യങ്ങളും ഒഴുകി നീങ്ങുന്ന അഴുക്കു ചാലിൽ. ജീവിതംകൊണ്ട് ഒരു ജനതയക്ക് കണ്ണുനീരിന്റെയും കൈപ്പിന്റെയും അനുഭവങ്ങൾ പങ്കിട്ട ഗദ്ദാഫി അറബിനാടിന്റെ അത്തറിനു പകരം അഴുക്കുചാലിന്റെ ദുർഗന്ധം ഒടുവിൽ ഏറ്റുവാങ്ങി.

വിമതസൈന്യം ഗദ്ദാഫിയെ കണ്ടെത്തുമ്പോൾ സദ്ദാം ഹുസൈന്റെ അന്ത്യത്തെ അനുസ്മരിപ്പിക്കുംവിധമുള്ള ഒരു സ്ഥാനത്തായിരുന്നു പാർപ്പ്. ഒടുവിലായി സ്വാതന്ത്ര്യദാഹികളോടും വിമത സൈന്യത്തോടും പറയുവാൻ സ്വന്തം ശബ്ദതാരാവലിയിൽ കരുതി വച്ചിരുന്ന ഒരു പദമുണ്ടായിരുന്നു ഗദ്ദാഫിക്ക്. അത് 'വെടിവയ്ക്കരുതേ' എന്നായിരുന്നു. 42 വർഷങ്ങളായി കൈത്തോക്ക് കൈകളിൽ അമ്മാനമാടി യന്ത്രത്തോക്കുകളുടെ നടുവിൽ എല്ലാവരേയും ഭീഷണിയുടെ മുൾമുനയിൽ നിർത്തി ജീവിതം ആസ്വദിച്ചവന്റെ അന്ത്യമൊഴി ആരെയാണ് ചിന്തിപ്പിക്കാത്തത്?

ഒരു ക്രൈസ്തവസമുദായത്തിൽ ശവസംസ്കാരരംഗത്ത് മൃതശരീരം പെട്ടിയിൽ അടക്കം ചെയ്ത് മണ്ണിൽ ഇറക്കി വച്ചശേഷം ശുശ്രൂഷകൻ വിലപിക്കുന്നത് ഇപ്രകാരമാണ്. "ഇതാ കുന്നു മനുഷ്യന്റെ അന്ത്യമെങ്കിൽ ധനവാൻ തന്റെ ധനത്തിൽ പ്രശംസിക്കുന്നതെന്തിന്? ബലവാൻ തന്റെ ബലത്തിലും ആരോഗ്യമുള്ളവർ തങ്ങളുടെ ആരോഗ്യത്തിലും ജ്ഞാനി തന്റെ ജ്ഞാനത്തിലും സൗന്ദര്യമുള്ളവർ തങ്ങളുടെ സൗന്ദര്യത്തിലും പ്രശംസിക്കുന്നതെന്തിന്?" ഉത്തരം പറയുവാൻ പുരുഷാരം വാക്കുകൾ തേടുന്നില്ല.



*ഗദ്ദാഫിയുടെ അന്ത്യം*

മൗനത്തിലൂടെ മുഖം കുനിച്ച് ആമേൻ പറയുവാനേ ആർക്കും സാധിക്കുന്നുള്ളു.

ഗദ്ദാഫിയുടെ മൃതശരീരം ചന്തയിലെ കോൾഡ് സ്റ്റോറേജിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു എന്നാണ് അറിയാൻ സാധിച്ചത്. എത്രയോ ആദരപൂർവ്വം സംരക്ഷിക്കപ്പെടേണ്ട ഒരു ജീവിതമായിരുന്നു അത്? സ്വന്തം ചെയ്തികളുടെ ദോഷഫലങ്ങൾ ജീവനിൽ മാത്രമല്ല ജീവൻ നഷ്ടപ്പെട്ട ശരീരത്തിലും അനുഭവിക്കേണ്ടി വരുന്നത് ദയനീയമാണ്.

ഒരു സ്മാരകശിലയോ സ്തൂപമോ, ഒരു കെട്ടിടമോ ഗദ്ദാഫിയുടെ പേരു നിലനിർത്തുവാൻവേണ്ടി ഉണ്ടാക്കരുതെന്ന നിർബന്ധത്തിലാണ് ഇന്നത്തെ ലിബിയൻ നേതാക്കൾ. ഒരു ജനതയുടെ വികാരമാണത്. ഗദ്ദാഫി അവശേഷിപ്പിച്ച് ഓർമ്മകളെല്ലാം ഭീകരസ്വപ്നങ്ങളായി അവരുടെ മനസ്സിൽ തങ്ങി നിൽക്കുന്നു. ഗദ്ദാഫിയുടെ മറ്റൊരു മുഖം തലമുറകളിൽ പ്രത്യക്ഷപ്പെടരുതെന്ന നിർബന്ധം അവർക്കുണ്ട് എന്നു തോന്നുന്നു.

ഗദ്ദാഫി ലോകത്തിനുള്ള സന്ദേശമാണ്. ലോകത്തിന്റെ നിരർത്ഥകതയുടെ ഒടുവിലത്തെ തെളിവാണ് താൻ. വെട്ടിപ്പിടിച്ചതൊന്നും നിലനിൽക്കുന്നതല്ലെന്ന തിരിച്ചറിവിലേക്ക് നമ്മെ നയിക്കുന്നതാണ്. വാളും തോക്കും കയ്യിലും മനസ്സിലും പ്രവർത്തനമേഖലകളിലും കൊണ്ടുനടക്കുന്നവരോടുള്ള കാലഘട്ടത്തിന്റെ ദൈവീക ദൂതാണ് ഗദ്ദാഫി.

നീതിയും ന്യായവും സത്യവും നമ്മുടെ ലക്ഷ്യങ്ങളാവണം. അപരന്റെ ചോരയിൽ സന്തോഷിക്കുക പൈശാചികവും ക്രൂരവുമായ മനോഭാവമാണ്. എല്ലാവർക്കും വളരാനും ഉയരാനുമുള്ള വേദികൾ ഇവിടെ സൃഷ്ടിക്കപ്പെടണം. അപരന്റെ ഭീഷണിയായി നാം മാറരുത്.

തോക്കിന്റെ മുന്നിൽ ആരും ശക്തരല്ല. തോക്കുകൾ എത്രകണ്ട് ഉപയോഗിക്കാതിരിക്കാം എന്നാണ് വിവേകമുള്ളവരുടെ ചിന്ത. മറിച്ച് അലക്ഷ്യമായി വെടിയുണ്ടകൾ ഉതിർക്കുന്നവർ ഒടുവിൽ വെടിവയ്ക്കരുതേ എന്ന് ഉറക്കെ നിലവിളിച്ചേക്കാം. ശുഭപര്യവസാനിയായിരിക്കണം ജീവിതാന്ത്യങ്ങൾ. വാളെടുക്കുന്നവരും തോക്കെടുക്കുന്നവരും ഗദ്ദാഫിയുടെ പ്രബോധനംകൂടെ ശ്രദ്ധിക്കണം.

ഗദ്ദാഫി ശത്രുസംഹാരത്തിനായി വാങ്ങിക്കൂട്ടിയ ആയുധശേഖരങ്ങൾ അൽഖയിദയ്ക്ക് കൈമാറിയിരിക്കുന്നു എന്ന വാർത്ത ലോകമനസ്സാക്ഷിയെ വീണ്ടും ദുഃഖത്തിലാക്കിയിരിക്കുന്നു. സ്നേഹം വിതയ്ക്കപ്പെടേണ്ടയിടത്ത് പകയും യുദ്ധവും. ഇത് അവസാനിക്കുന്നില്ല. ബാറ്റൺ കൈമാറുംപോലെ ഭീകരതയും ചോരച്ചൊരിച്ചിലും തലമുറകളിലേക്കും സംഘടനകളിലേക്കും കൈമാറപ്പെടുന്നു.

അധികാരങ്ങളോ ധനമോ സൗന്ദര്യമോ ജ്ഞാനമോ പേരോ പ്രവർത്തനമണ്ഡലമോ ഒന്നും സ്ഥായിഭാവം പുലർത്തുന്നില്ലെങ്കിൽ പിന്നെ എന്തിന് കിടമത്സരങ്ങൾ. ഉള്ളിലെ സമാധാനത്തിന് തത്തുല്യമായി എന്തുണ്ട്. യേശു പറയുന്നു സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ.

# വേണം നിതാന്തമായ ജാഗ്രത!!!

**ഇരുപതിലധികം മാധ്യമങ്ങളുടെ പ്രസരണങ്ങളിൽപ്പെട്ട് ഏത് തിരഞ്ഞെടുക്കണം ഏത് തിരസ്കരിക്കണം എന്ന് ധർമ്മസങ്കടത്തിലായിരിക്കുന്ന ബ്രദറൺ സമൂഹത്തിന് ഇനി അതിന്റെ ആവശ്യമില്ല. കാരണം നമ്മുടെ സമൂഹത്തിൽ ഔദ്യോഗികമായി, നാവായി, കുടുംബസ്വത്തായി മാധ്യമങ്ങളുടെ എല്ലാം രാജസ്ഥാനത്ത് പുതുതായി അവതരിപ്പിച്ച ഒരു പത്രമാസികയെ പ്രതിഷ്ഠിച്ചിരിക്കുന്നു. പത്രമാസികകളുടെ നാനാത്വത്തിൽ നിന്ന് ഇനിയും ഏകത്വത്തിലേക്ക് വേണമെങ്കിൽ കടന്നുവരാം.**

ജോസ് ഫിലിപ്പ്, വെട്ടൂർ

ജീവിച്ചിരിക്കുന്ന കാലത്തെ വ്യാഖ്യാനിക്കുവാനും നിർവചിക്കുവാനും എഴുത്തുകാർ ബാദ്ധ്യസ്ഥരാണ്. ചിലർ വരികൾക്കുള്ളിലും മനസ്സിലും യാഥാർത്ഥ്യങ്ങളെ ഒളിപ്പിച്ച് വയ്ക്കുമ്പോൾ അപൂർവ്വം ചിലർ അതിനെ തുറന്നെഴുതലിന്റെ ഉച്ചവെയിലിൽ കൊണ്ടുചെന്ന് നിർത്തുന്നു. വിമർശനങ്ങളും പ്രതികരണങ്ങളും അഗ്രാസനത്തിലുള്ളവരെ വല്ലാതെ അലോരസപ്പെടുത്തുന്നു. നമ്മുടെ സമൂഹത്തിൽ ചൂടപ്പംപോലെ വിറ്റഴിയപ്പെടേണ്ടുന്ന നവംനവങ്ങളായിരിക്കുന്ന ആശയങ്ങൾ ചില വിമർശകന്മാരുടെ ഇടർച്ചക്കല്ലിൽ തട്ടിത്തകർന്നുപോകുന്നു. വിമർശനം ഒരു കൃപാവരമോ, ദൈവീകശുശ്രൂഷയോ ആയി വേദത്തിൽ എങ്ങും കാണാത്തതുകൊണ്ട് വിമർശകരില്ലാത്ത വിമർശനം ഇല്ലാത്ത ഒരു കാലത്തിനു വേണ്ടി വീർപ്പുമുട്ടുന്നവർ വേണമെങ്കിൽ പ്രതീക്ഷാനിർഭരതയോടെ കാത്തിരിക്കാം.

ഇരുപതിലധികം മാധ്യമങ്ങളുടെ പ്രസരണങ്ങളിൽപ്പെട്ട് ഏത് തിരഞ്ഞെടുക്കണം ഏത് തിരസ്കരിക്കണം എന്ന് ധർമസങ്കടത്തിലായിരിക്കുന്ന ബ്രദറൺ സമൂഹത്തിന് ഇനി അതിന്റെ ആവശ്യമില്ല. കാരണം നമ്മുടെ സമൂഹത്തിൽ ഔദ്യോഗികമായി, നാവായി, കുടുംബസ്വത്തായി മാധ്യമങ്ങളുടെ എല്ലാം രാജസ്ഥാനത്ത് പുതുതായി അവതരിപ്പിച്ച ഒരു പത്രമാസികയെ പ്രതിഷ്ഠിച്ചിരിക്കുന്നു. പത്രമാസികകളുടെ നാനാത്വത്തിൽ നിന്ന് ഇനിയും ഏകത്വത്തിലേക്ക് വേണമെങ്കിൽ കടന്നുവരാം. അപ്പോഴും അവശേഷിച്ചിരിക്കുന്ന ഒരു സംശയം അപ്പോസ്തോലിക പിന്തുടർച്ചയോ, സിംഹാസനങ്ങളോ, അധികാരങ്ങളോ, ലിഖിതങ്ങളായ നിയമങ്ങളോ ഒന്നും ഇല്ലാത്ത ബ്രദറൺ സമൂഹത്തിൽ ഒരു സംഘടനയോ, മാധ്യമമോ, ഔദ്യോഗികമായി അല്ലെങ്കിൽ ഏകമായിത്തീരുന്നതിന്റെ മാനദണ്ഡം എന്താണ്? പഴമയോ പൈതൃകമോ പുതുതായി അവതരിപ്പിക്കുന്നതുകൊണ്ടോ, സാഹിത്യനായകന്മാരുടെ ഉപദേഷ്ടാക്കളുടെ വാഴ്ത്തലും പുകഴ്ത്തലുമോ?


എന്തായാലും നാളിതുവരെ കണ്ടുവരുന്ന ഒരു കാര്യം, സംഘബലം ഇല്ലെങ്കിലും സംഘടനകൾ തുടങ്ങുന്നതിനും അതിന്റെയോ, ഒരു പ്രസിദ്ധീകരണം ആരംഭിക്കുന്നതിനും ഇവിടെ ആരുടേയും അനുവാദം കാത്തുനിൽക്കേണ്ട ആവശ്യം ഇല്ല. സംഘടനാപാടവവും സ്വദേശഫണ്ടിംഗും വിദേശഫണ്ടിംഗും വാഗ്വിലാസവും ഉണ്ടെങ്കിൽ ഇതെല്ലാം അനായാസം. പിന്നെ വഴിവിട്ട ചിന്തകളാണെങ്കിലും ഗതിമാറിയുള്ള ഒഴുക്കാണെങ്കിലും വചനാത്മകമാണ്, ഉപദേശാത്മകമാണ് എന്ന് ഇടയ്ക്കിടെ പറഞ്ഞു കൊണ്ടിരിക്കുകയും തലക്കനം വന്ന ഉപദേഷ്ടാക്കന്മാരെ കൊണ്ട് പറയിച്ചു കൊണ്ടിരിക്കുകയും വേണം. ഇതെല്ലാം കണ്ടും കേട്ടും പ്രതികരണശേഷി നഷ്ടപ്പെട്ടവരായി നമ്മുടെ സമൂഹം പതം വന്നിരിക്കുന്നു. എന്നാൽ ഏതെങ്കിലും ഒന്നിനെ നായകസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നത് പുറന്തള്ളപ്പെട്ട് പുറമ്പോക്കിൽ കഴിയുന്ന പാവപ്പെട്ട വിശ്വാസികളുടെ ആത്മീക ബോധത്തിന്മേലുള്ള കടന്നുകയറ്റം ആണ്.

2010-ൽ ഉണ്ടായ രണ്ട് സംഭവങ്ങൾ കേരളത്തിലെ ബ്രദറൺ സമൂഹത്തിന്റെ ചരിത്രം എഴുതുമ്പോൾ അടിവരയിട്ട് രേഖപ്പെടുത്തേണ്ടതാണ്. ഏ.ഡി. 54 മുതൽ എ.ഡി. 305 വരെ ക്രൈസ്തവ സഭയ്ക്കുണ്ടായ തുടർച്ചയായ അതിക്രൂരമായ പീഢകളുടെ കാലത്തും അന്നത്തെ വിശ്വാസികൾ ഇത്രയും ഭയപ്പെട്ടിരുന്നതായി തോന്നുന്നില്ല. നഷ്ടപ്പെടുവാൻ ധാരാളം ഉള്ളവർക്ക് മരണഭയം കൂടും. മടിയിൽ കനമില്ലാത്തവന് മനസ്സിൽ ഭയം വേണ്ടല്ലോ? എല്ലാവരിലും അകാരണമായ ഒരു ഭീതി പടർന്നു പിടിച്ചതുകൊണ്ട് നമ്മെ അത് ഒരു സംഘടിത ശക്തിയായി മാറ്റി. ശതാബ്ദി കഴിഞ്ഞിട്ട് ചില വർഷങ്ങൾകൂടി പിന്നിട്ടെങ്കിലും അതിന്റെ ചലനാത്മകതയും 1127 പേരുടെ സംഘബലവും അതിൽ 920 പേരുടെ കയ്യൊപ്പും നൽകുന്ന പുത്തനുണർവ്വും പോരേ.... പീഡനം ഉണ്ടായാൽ ചെറുത്തുനിൽപ്പിനും രാഷ്ട്രീയപരമായ ഇടപെടലുകൾ നടത്തുന്നതിനും ഔദ്യോഗികമായ ഒരു സംഘടന രൂപീകരിക്കാൻ. കച്ചമുറിയിൽ നിന്ന് കാഞ്ചീപുരത്തിലേക്കും അവിടെനിന്നും കനകത്തിലേക്കും പരിവർത്തനം ചെയ്യപ്പെട്ടുനിൽക്കുന്ന നമ്മുടെ സമൂഹത്തിൽ സ്ഥലം സഭകൾ എന്നുള്ള വചനാത്മകമായ ഉപദേശത്തിൽനിന്നും സംഘടനകൾ എന്നുള്ള ആശയത്തിലേക്ക് വരുവാൻ കഴിഞ്ഞെങ്കിൽ ഇനിയും ഒരു ഏക സംഘടന എന്നുള്ള നിലപാടിലേക്ക് വരുവാൻ വലിയ ബുദ്ധിമുട്ട് ഉണ്ടാകും എന്നു തോന്നുന്നില്ല.

ഈ ആശയം സമൂർത്തമായി അവതരിപ്പിച്ചു വിമർശകരുടേയും വിമതരുടേയും കൈകളിൽനിന്ന് സാമാന്യ ജനത്തെ രക്ഷിക്കേണ്ടതിന് ഒരു മാധ്യമം ആവശ്യമില്ലേ? വചനവും ഉപദേശവും തൽക്കാലം അവിടെ നിൽക്കട്ടെ. ആത്മീക മണ്ഡലങ്ങളിൽനിന്നും ഭൗതിക മണ്ഡലങ്ങളിൽനിന്നും നേടിയതൊന്നും ഉപദേശത്തിനുവേണ്ടിയും വചനത്തിനുവേണ്ടിയും നഷ്ടപ്പെടുത്തുവാൻ ഞങ്ങൾ തയ്യാറല്ല.

*ചിന്താശകലം: ശതാബ്ദിയിൽകൂടി ഇന്നും നിലനിൽക്കുന്ന ചലനാത്മകതയേയും 1127 പേരുടെ സംഘബലത്തേയും 920 പേരുടെ കയ്യൊപ്പിനെയും ഒരു ന്യൂനപക്ഷത്തിന്റെ നിശബ്ദമായ പ്രതികരണങ്ങൾകൊണ്ടും പ്രാർത്ഥനകൊണ്ടും മുറിച്ചുകടക്കുവാനാകുമോ? ഇതു കാലം തെളിയിക്കേണ്ടതാണ്.*

## രാജൂച്ചാനും അമ്മിണീമ്മാമ്മയും



"രാവിലെ തുടങ്ങിയതാണല്ലോ വേദപുസ്തക വായന! ഏതോ വാക്യം തിരയുകയാണോ അച്ചായാ?

''അത് ശരിയാ! പൗലോസ് എത്ര വിദേശയാത്രകൾ ചെയ്തു? എത്ര പ്രസംഗങ്ങൾ ചെയ്തു എന്നുള്ള കണക്ക് കൂട്ടുകയായിരുന്നു"

എത്ര പേർ രക്ഷിക്കപ്പെട്ടു? എത്ര സഭകൾ സ്ഥാപിച്ചു അതല്ലേ പ്രധാനം!? ഡി.എൽ.മൂഡി എത്ര പ്രസംഗങ്ങൾ ചെയ്തു? അച്ചായൻ എന്തു നേടി?

"അമ്മിണിക്കുട്ടീ! ഉത്തരം പറയാൻ പ്രയാസമുള്ള ചോദ്യങ്ങൾ തന്ന് പ്രയാസപ്പെടുത്തരുതെന്ന് ഞാൻ പറഞ്ഞിട്ടില്ലേ?!

